**യോഽന്ത: പ്രവിശ്യ മമ വാചമിമാം പ്രസുപ്താം
സംജീവയത്യഖിലശക്തിധര: സ്വധാമ്നാ
അന്യാംശ്ച ഹസ്തചരണശ്രവണത്വഗാദീൻ
പ്രാണാന്നമോ ഭഗവതേ പുരുഷായ തുഭ്യം (4–9–6)**

മൈത്രേയൻ തുടർന്നു:
ധ്രുവൻ തന്റെ ഹൃദയകമലത്തിൽ ധ്യാനിച്ചാരാധിച്ച ആ ഭഗവൽരൂപം അവന്റെ മുന്നിൽ വന്നുനിന്നു. ഉൾക്കണ്ണിലുണ്ടായ ദർശനം കഴിഞ്ഞപ്പോൾ ധ്രുവൻ കണ്ണുതുറന്നു. ഭഗവൽമഹിമകളെ വാഴ്ത്താൻ അവന് വാക്കുകളില്ലാതെ പോയി. ഭഗവാൻ തന്റെ ശംഖിന്റെ അഗ്രംകൊണ്ട് അവന്റെ കവിളിൽ ഒന്ന് തട്ടിയപ്പോഴേക്കും മഹിമകൾ സങ്കീർത്തനമായി പുറത്തുവന്നു. “എന്റെ ഉള്ളിലിരുന്ന് എനിക്ക് ജീവനേകി എന്റെ സംസാരശേഷി, കൈകാലുകൾ, ഇന്ദ്രിയങ്ങൾ ഇവയ്ക്കെല്ലാം അർത്ഥമേകി വാഴുന്ന ഭഗവാന് എന്റെ നമോവാകം. അങ്ങയുടെ സ്ഥൂലരൂപമായ ഇഹലോകം എന്ന നിലയിൽ അവിടുത്തെ ഞാനറിയുന്നു. വസ്തുപ്രപഞ്ചങ്ങളും ചരാചരവസ്തുക്കളും അവിടുത്തെ പ്രതിരൂപങ്ങളെന്നും ഞാനറിയുന്നു. എങ്കിലും അവിടുത്തെ അതീന്ദ്രിയഭാവം അളക്കാൻ വയ്യാത്തത്ര സങ്കീർണ്ണമത്രെ. വിവരണാതീതവുമാണത്. വിരോധഭാവത്തിലുൾപ്പടെയുള്ള എല്ലാ കഴിവുകളുടേയും സ്രോതസ്സ് അവിടുന്നുതന്നെ. അങ്ങുതന്നെ എല്ലാം. ഞാനങ്ങയിൽ അഭയം തേടുന്നു.”

ഭഗവാൻ അവനെ അനുഗ്രഹിച്ചു. “മറ്റാരും ഇരുന്നിട്ടില്ലാത്ത ഒരിടത്ത് നിനക്ക് സ്ഥാനമുണ്ടാവും. ബ്രഹ്മദിനാന്ത്യത്തിൽ ലോകങ്ങൾ നശിക്കുമ്പോഴും സൗരയൂഥങ്ങൾക്കും നക്ഷത്രപംക്തികൾക്കും നെടുംതൂണായി ചിരഞ്ജീവിയായി നീ നിലകൊള്ളും. ഭൂമിയിൽ രാജാവായി ഏറെക്കാലം വാഴാനും നിനക്ക് സാധിക്കട്ടെ.” ഇത്രയും പറഞ്ഞ് ഭഗവാൻ അപ്രത്യക്ഷനായി. ധ്രുവൻ ഭഗവദനുഗ്രഹത്തിൽ അതീവസന്തുഷ്ടനായെങ്കിലും നിർവ്വാണമെന്ന പരമപദം കിട്ടിയില്ലല്ലോ എന്നു സങ്കടപ്പെട്ടു. അനിയന് സിംഹാസനം ലഭിച്ചതിൽ താൻ അൽപമെങ്കിലും അസൂയാലുവായിരുന്നതുകൊണ്ടാണ് അജ്ഞാനാവരണം മുഴുവനായി നീങ്ങാതെ പോയതെന്ന് അവൻ പശ്ചാത്തപിച്ചു. ഇങ്ങിനെ ചിന്തിച്ച് ധ്രുവൻ നാട്ടിലേക്ക് മടങ്ങി.

ധ്രുവന്റെ തിരിച്ചുവരവ് നാരദമുനിയിൽനിന്നും ഗ്രഹിച്ച ഉത്താനപാദരാജാവ് സന്തോഷത്തോടെ അവനെ എതിരേൽക്കാൻ തിരിച്ചു. മരണത്തിൽനിന്നു മടങ്ങിവന്ന മകനെപോലെയായിരുന്നു ധ്രുവന്റെ മടക്കം. സ്വർണ്ണത്തേരിൽ ബ്രാഹ്മണരോടും മന്ത്രിമാരോടും സുഹൃത്തുക്കളോടുമൊപ്പം ധ്രുവനെ വരവേൽക്കാൻ എല്ലാവരും ഉണ്ടായിരുന്നു. രണ്ട് അമ്മമാരും ഉത്തമനും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. മഹാരാജാവ് മകനെ കണ്ടയുടൻ രഥത്തിൽനിന്നും ചാടിയിറങ്ങി അവനെ ആലിംഗനം ചെയ്തു. ധ്രുവൻ അമ്മമാരെ നമസ്കരിച്ചു. ഭഗവദനുഗ്രഹം നേടിയ, സകലജീവികൾക്കും സുഹൃത്തായ ഒരുവനെ ഏവർക്കും പ്രിയമാണല്ലൊ. സുരുചി സന്തോഷാശുക്കൾ പൊഴിച്ചു. സുനീതി കണ്ണീരോടെ മകനെ ആലിംഗനം ചെയ്തു. ജനം രാജാവിനെ പ്രകീർത്തിച്ചു. രാജകുമാരന്റെ തിരിച്ചുവരവിൽ അവർ ആഹ്ലാദിച്ചു. ഉത്സവപ്രതീതിയോടെ രാജഘോഷയാത്ര നഗരത്തിലൂടെ കൊട്ടാരത്തിലെത്തി. കാലക്രമത്തിൽ രാജാവ് ധ്രുവനെ രാജ്യഭാരമേൽപ്പിച്ചു. മന്ത്രിമാർക്കും ജനങ്ങൾക്കും ധ്രുവനെ പ്രിയമായിരുന്നു. ഉത്താനപാദൻ വനവാസത്തിനും ഭഗവൽധ്യാനത്തിനുമായി കൊട്ടാരം വിട്ടുപോയി.